# GHSS BEPORE









# കാവ്യജാലകം

## <u>പത്രാധിപർ</u>

വേദ എൻ

## <u>പത്രാധിപ സമിതി</u>

ഗൗരി ആർ

കീർത്തന കെ

ദിയ സി

അളക കെ

ദേവപ്രിയ വി പി

## ആശംസ

വിദ്യാരംഗം കലാസാഹിത്യ ക്ലബ്ബും ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബും സംയുക്തമായി നിർമിച്ച കാവ്യജാലകം എന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

ഷാജി പി ടി
ഹെഡ് മാസ്റ്റർ

## ആശംസ

വളർന്നു വരുന്ന എല്ലാ കുട്ടി എഴുത്തുകാർക്കും അഭിനന്ദനങ്ങൾ നേരുന്നു .കൂടാതെ ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും ഇതോടൊപ്പം നേരുന്നു .

സ്മിത വി ആർ

**DHM**

# ഉള്ളടക്കം


| | | |
|---|---|---|
| മധുരകാലം | - | 7 |
| പാചകക്കാരൻ | - | 8 |
| ഓർമ്മത്തുവലുകൾ | - | 9 |
| കടലിനോട് | - | 10 |
| അവൾ | - | 11 |
| മധുരമായ ജീവിതം | - | 12 |
| മധുരമേറും ബാല്യം | - | 13 |
| 'അമ്മ | - | 14 |
| കടൽ | - | 15 |
| മയിൽപ്പീലിക്കാലം | - | 16 |
| മാലാഖ | - | 17 |
| ഒഴുകുന്ന പുഴ | - | 18 |
| ബന്ധങ്ങളുടെ ബാല്യം | - | 19 |
| പറയാതെ പോയ പ്രണയം | - | 21 |
| തകർന്ന മനസ്സ് | - | 23 |
| ഒരിക്കലും തിരിച്ച് കിട്ടാത്ത കുട്ടിക്കാലം | - | 25 |
| കടൽ കരയിലെ അച്ഛൻ | - | 26 |
| ഫോട്ടോസ് | - | 27-34 |

# ആമുഖം

കുട്ടികളെല്ലാം ചെറുപ്രായത്തിൽ
തന്നെ എഴുതാനും വായിക്കാനും
തുടങ്ങുന്നത്
അവരുടെ ഭാവനകളെ
പരിപോഷിപ്പിക്കുന്നു.
എല്ലാ കുട്ടികളിലും എന്തെങ്കിലും ഒരു കഴിവ്
ഉണ്ടാവാതിരിക്കില്ല .
നമ്മുടെ സ്ക്കൂളിൽ പഠിക്കുന്ന
ഇതുപോലെയുള്ള മിടുക്കന്മാർ
എഴുതിയ കഥകളും കവിതകളും
എല്ലാം ചേർന്നൊരു പുസ്തകം
ആണ് കാവ്യജാലകം .

"കാവ്യജാലകം" നിങ്ങളുടെ മുന്നിലേക്ക് .....

**വേദ എൻ**
**പത്രാധിപർ**

ഗോപിക കെ.ടി

# <u>മധുരകാലം...</u>



എന്തു മനോഹരമായിരുന്നാകാലം.

ഒന്നുമേ ചിന്തിക്കാത്തൊരു കാലം.

ആകാശത്തിൽ പറവകളെപ്പോൽ

വാത്സല്യം ഏറെ അനുഭവിച്ച കാലം.

കുട്ടിക്കുറുമ്പുകൾ കാട്ടീടും നേരത്തും

മധുര വാക്കാൽ ശാസന കേട്ടൊരെൻ ബാല്യകാലം.

അമ്മതൻ ചുണ്ടിൽനിന്നക്ഷരമുത്തുകൾ

എൻ മനസിലേക്കെത്തിയ കാലം....

ജീവിതയാത്രയിലിത്ര

മനോഹരികയായൊരുകാലം.


തിരികെ വരില്ലൊരിക്കലും

ആ കാലമിനിയെൻ സ്വപ്നങ്ങളിൽ മാത്രം....

നേഹ ഇ കെ

# <u>പാചകക്കാരൻ</u>

രുചികൾ മാറി മാറിവരും
കയ്പും മധുരവും കലർന്നുവരും
ചിലപ്പോൾ കയ്പ് തനിയെ വരാം
കയിപിനെ മധുരമാക്കാം...
മധുരത്തിൻ രുചിയറിയാം....




നോവറിയത്ത ദുഃഖമില്ലാത്ത
ബാല്യം മുതൽ കഴിഞ്ഞതിൽ
രുചിനുകരാൻവേണ്ടി കൊതിക്കുന്ന
മനസുമായി യവനവും
ജീവിതമെന്നത്
പാചകമറിയാഞ്ഞൊരുവാൻ
തയാറാക്കുന്ന ആഹാരം പോലെയാണ്...

ഗൗരി. ആർ

# ഓർമ്മത്തൂവലുകൾ

അന്നദിനം

മാങ്കോമ്പിൽ

വന്നിരിക്കാറുള്ള കിളി..

പാലും പഴവും നൽകണം....

താലോലിക്കണം...

എന്നെല്ലാം ഉണ്ടായിരുന്നു....

അപ്പോഴാണ് ഞാനും ഓർത്തത്...

"അയ്യോ..!!

പക്ഷികളൊരുപാടുണ്ട്.

അത് കഴിഞ്ഞിട്ടാവാം.."

ഞാനും വീട്ടിലേക്കോടി.

പരീക്ഷകൾ ഒരുപാട് കഴിഞ്ഞു.

ജീവിതമെന്ന പരീക്ഷ

ജയിക്കാനുള്ള

ഞാനൊന്ന് തിരിഞ്ഞു നോക്കി...

ഞാൻ ഓമനിക്കാനായി

കാത്തിരുന്ന കുഞ്ഞിക്കിളി

എന്നോ പറന്ന് പോയിരുന്നു...!!

'കുറച്ചുതൂവലുകൾ മാത്രം ബാക്കിവെച്ച്'!



അതുല്ല്യ. പി

# കടലിനോട്



ഭൂമിയുടെ നാനാഭാഗത്തും

വെള്ളിയാരഞ്ഞാണം  പോലെ

ചുറ്റും തുള്ളികളിക്കുന്ന കടൽ...

നിൻ മുന്നിൽ ഞാൻ വന്നിടുമ്പോൾ

എൻ മനസ്സു കുളിർന്നിടുന്നു....

നിൻ മുന്നിൽ വന്നിടുമ്പോൾ

എൻ പാദം  നീ തൊട്ടുതലോടും....

കൊടും ദുഃഖത്താൽ ഞാൻ

നിന്നരികിൽ വരുമ്പോൾ

നിറഞ്ഞ സ്നേഹത്താൽ

നീ എന്നെ തഴുകുന്നു....

ഗൗരി ആർ

# അവൾ

അവളുടെയും എന്റെയും
ഹൃദയമിടിപ്പിന് ഒരേ താളം....
സന്തോഷമായാലും
സങ്കടമായാലും
ഞാൻ അവളുടെ അരികിലേക്ക്
ആണ് ആദ്യം പോകുന്നത്.
ഞാൻ തമാശകൾ പറയുമ്പോൾ
അവൾ പാദസരം കുലുക്കി ചിരിക്കും....
എനിക്ക് സങ്കടം വരുമ്പോൾ
അവൾ കുളിർമയേറിയ ജലവുമായി വന്ന്
എന്റെ കാലുകൾ തഴുകിത്തരും....
എനിക്ക് ഒരേയൊരു തെറ്റുപറ്റി.
അവളോട് മാപ്പ് പറഞ്ഞു...
അവൾ ക്ഷമിക്കുമെന്നായിരുന്നു
ഞാൻ കരുതിയത്.
അവളൊന്ന് ഉൾവലിഞ്ഞു....
ശേഷം ആഞ്ഞടിച്ചു...



**സനുഷ കെ വി**

# മധുരമായ ജീവിതം



ജീവിതം എന്ന് പറയുന്നത് നമ്മൾ എല്ലാം അനുഭവിക്കുന്ന ഒരു കാലമാണ്.
സന്തോഷപ്പെടുകയും സങ്കടപ്പെടുകയും എല്ലാം നമ്മൾ ചെയ്യും.
ഓരേയൊരു ജീവിതമേ ഉണ്ടാകൂ.
ആ ജീവിതം സന്തോഷമുള്ളതാവാൻ ആണ് എല്ലാവരും ആഗ്രഹിക്കുന്നത്.
പക്ഷെ എല്ലാവരുടേയും ജീവിതം അങ്ങനയല്ല.
ജീവിക്കാൻ വേണ്ടി വളരെ സങ്കടപ്പെടുന്നവരും കഷ്ടപ്പെടുന്നവരും
ഈ ഭൂമിയിൽ ഉണ്ട് .
ഇങ്ങനെ എൻ്റെ ജീവിതത്തിലെ ഉണ്ടായ ഒര്രു സങ്കടപ്പെട്ട അനുബവം ഉണ്ട്.
എനിക്ക് ട്യൂഷന് പോവാൻ വളരെ ഇഷ്ടമായിരുന്നു.
അങ്ങനെ ഞാൻ മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ ട്യൂഷന് പോവാൻ തുടങ്ങി.
ഒരാഴിച്ച കഴിഞ്ഞപ്പോൾ എനിക്ക് ട്യൂഷന് പോവണ്ടേ എന്ന് പറഞ്ഞ് കരയാൻ തുടങ്ങി. കാരണം ട്യൂഷൻ ചേച്ചി നല്ലവണം പഠിച്ചില്ലെങ്കിൽ അടിക്കുമായിരുന്നു.
ഇതാണ് എൻ്റെ ഒരു അനുഭവം.

ജഹാന ഷെറിൻ

# <u>മധുരമേറും ബാല്യകാലം</u>



വല്യതായി കഴിയുമ്പോൾ

തിരികെ പോകാൻ

ആഗ്രഹിക്കുന്ന

വീടാണ് ബാല്യം.

മഴ പെയ്യുമ്പോൾ

വാഴയില ചൂടി

പോകുന്ന കാലം.

അമ്മയുടെ ചൂടേറ്റ്

ഉറങ്ങിയ കാലം.

എനിക്കവിടെ

വിട്ടുപോരാൻ ഇഷ്ടമല്ല..


അതുല്യ. ഇ

# അമ്മ


അമ്മയുടെ മണമാണ് എനിക്കേറ്റവുമിഷ്ടം.
രാത്രിയിൽ കിടക്കുമ്പോൾ കെട്ടി
പിടിച്ച് കിടന്നാൽ
അത് ഒരു പ്രത്യക സുഖമാണ്.
അമ്മയുടെ തണലിൽ ജീവിക്കുന്നതു
പോലെയുള്ള സുഖം ഒരിക്കലും കിട്ടില്ല.
തനിക്കു വേണ്ടിയല്ല സ്വന്തം മക്കൾക്കു വേണ്ടി
ജീവിക്കുന്ന അമ്മമാരാണ് ഈ ലോകത്ത് കൂടുതൽ.
മാതൃത്വത്തിന്റെ സ്നേഹം അത് ആർക്കും തരാൻ കഴിയാത്ത
ഒരു അമൂല്യമായ വസ്തുവാണ്.
അമ്മ എന്നത് ഒരൊറ്റ പദമല്ല, അനേകം കൂടി ദയയും ചേർന്നതാണ്
കടൽ

നിവേദ്യ പി

# കടൽ



കടൽ കൊണ്ടുപോകുന്നിടത്തെല്ലാം മാറി മാറി
സഞ്ചരിക്കുന്ന തിരമാലകൾ കാണാൻ നല്ല
ഭംഗിയാണ്. ആ തിരമാലകൾ പോലെത്തന്നെ
യാണ് നമ്മുടെ ഓരോരുത്തരുടെയും ജീവിതം എന്ന്
പറയുന്നത്. ഉദിച്ചുയരുന്ന സൂര്യനെപ്പോലെ-
വീട്ടിത്തിളങ്ങുന്ന തിരമാലകൾ രാത്രി സമയ-
ങ്ങളിൽ ആകാശത്ത് നല്ല രസമാണ്-
കടൽ ഭാഗങ്ങളിൽ സന്ധ്യാ സമയങ്ങളിൽ
സൂര്യനെപ്പോലെ ഉദിച്ചുയരുന്ന തിരമാലകൾ.

കീർത്തന . കെ

# മയിൽപ്പീലികാലം



ഓർക്കുന്നു ഞാനെൻ്റെ
ബാല്യകാലം.
ഓർമ്മ കൾ തങ്ങുന്ന
ബാല്യകാലം.
മർത്യജന്മത്തിലെ
മോഹന കാലമായ്
ഓർമ്മയിൽ ഇന്നുമാ
നല്ലകാലം
മയിൽപ്പീലി
പെറ്റുപെരുകു
മെന്നൊർത്തു ഞാൻ
പുസ്തകത്താളിൽ മറച്ച കാലം.
മാനത്തു പൊന്തിയ വാനവിൽ
കാണുമ്പോൾ
ആരു വരച്ചിതെന്നോർത്ത കാലം.
എങ്ങു മറഞ്ഞുപോയ് നീ....
എന്നെവിട്ടെങ്ങു നീ.........

അനൂജ പി

# മാലാഖ



ബാല്യകാലം
ഇഷ്ടമില്ലാത്ത ആരാ
ഉള്ളത് വലുതായാൽ
നമുക്ക് ബാല്യകാത്തേക്ക്
തിരിച്ചു പോവാൻ
ആർക്കാണ്
ഇഷ്ടമില്ലാത്തത് അങ്ങനെ ഉള്ള കഥ ആണ് ഇത്.

പണ്ട് പണ്ട് രണ്ടു കൂട്ടുകാരികൾ ഉണ്ടായിരുന്നു അവർ എല്ലാ ഭാവന ഉള്ളവരായിരുന്നു. ഒരു ദിവസം അതിൽ ഒരു കുട്ടി പാട്ടുപാടുന്നത് കേട്ടു. ആ കുട്ടിയുടെ പേര് സീന എന്നായിരുന്നു .എഴുതിയ കഥ ചിരിയും കളിയും ഉള്ള കഥയാണ്. അങ്ങനെ ഒരു ദിവസം സീനയുടെ കഥ പുറത്തിറങ്ങി. അവൾ നല്ലൊരു എഴുത്തുകാരിയായി .എന്നാലും അവരുടെ സൗഹൃദം ,അതിലുള്ള ലിയ പറയുന്നത് കുട്ടിക്കും ചെറിയ ഭാവന ഉണ്ടെന്ന്.. അപ്പോൾ ഞാൻ ചോദിച്ചു ആരാണ് നിങ്ങൾക്കിത് പഠിപ്പിച്ചു തന്നത് .അവർ പറഞ്ഞു മാലാഖ .അത് അവരുടെ നന്മ നിറഞ്ഞ ഒരു പാവം ടീച്ചർ ആയിരുന്നു എല്ലാവരും ടീച്ചറെ പോയി നോക്കി .അപ്പോഴേക്കും ടീച്ചർ ലോകത്തോട് വിട പറഞ്ഞു...........

ഫാദിൽ ഹസൻ. ടി

## ഒഴുകുന്ന പുഴ

ചെറു അരുവിയായ്
കാടായ കാട്ടിലൂടെ ഒഴുകി...
പല ജീവജാലങ്ങൾക്കും ...
ആശ്രയമേകി....
പല തടസ്സങ്ങളും നേരിട്ട്...
കള കള ശബ്ദത്തോടെ
വിശാലമായ ഒരോ നാട്ടിലൂടെ
ഒഴുകുകയാണ് പുഴ....
ജീവജാലങ്ങളുടെ ദാഹമകറ്റി
ഒഴുകി ഒഴുകി
പുഴയങ്ങനെ
അമ്മയെന്ന കടലിലേക്ക്
അലിയുകയാണ്.....



അഞ്ജന എസ് എസ്

# ബന്ധങ്ങളുടെ ബാല്യം



ബാല്യം ഏറ്റവും സുന്ദരകരമായ കാലം ബാല്യത്തിൽ ഏറ്റവും രസകരമായ അനുഭവങ്ങൾ നമുക്ക് ലഭിക്കുന്നത് സ്കൂളിൽ നിന്നാണ് എന്റെ ഒരു അനുഭവം പറയാം ഞാൻ ഒന്നാം ക്ലാസിൽ പഠിക്കുമ്പോ രണ്ടു കൂട്ടുകാർ ഉണ്ടായിരുന്നു ഡാഫ്ളിനും എയ്ഞ്ചലും ഞങ്ങൾ മൂന്നുപേരും എപ്പോഴും ഒരുമിച്ചായിരുന്നു നടക്കാം എന്ത് കാര്യം ചെയ്താലും ഒരുമിച്ച് ആയിരുന്നു ചെയ്യുക ഞങ്ങളെ ടീച്ചർമാർ പോലും ത്രിമൂർത്തികൾ എന്നായിരുന്നു വിളിച്ചിരുന്നത് അങ്ങനെ ആ ഒരു വർഷം അവസാനിച്ചു ഞങ്ങൾ മൂന്നുപേരും രണ്ടാം ക്ലാസിൽ കാണാമെന്നു പറഞ്ഞു പിരിഞ്ഞ് പക്ഷേ അപ്രതീക്ഷിമായി ഒരു സംഭവം ഉണ്ടായി എന്റെ അമ്മയ്ക്ക് വേറെ സ്ഥലത്തേക്ക് ജോലി കിട്ടി എനിക്ക് അവിടേക്ക് മാറേണ്ടിവന്നു അത് എനിക്ക് ഒരുപാട് വിഷമമായി അതുമാത്രമല്ല പോവുകയാണ് എന്ന് ഒരു യാത്രപോലും പറയാതെയാണ് എനിക്ക് അവരെ പിരിയേണ്ടി വന്നത് പിന്നീട് ഒരിക്കലും ഞാൻ അവരെ കണ്ടിട്ടില്ല എനിക്ക്

ഇപ്പോഴും ഓർമ്മയുണ്ട് ഞങ്ങളുടെ ഓരോ മുഹൂർത്തങ്ങളും ഓരോ രസകരമായ നിമിഷങ്ങളും ഞാൻ ഇപ്പോൾ എട്ടാം ക്ലാസിലാണ് അവരും ക്ലാസിലായിരിക്കും പഠിക്കുന്നുണ്ടാവ അവർക്ക് ഇപ്പോഴും എന്നെ ഓർമ്മയുണ്ടോ എന്ന് എനിക്ക് അറിയില്ല പക്ഷേ എവിടെയൊക്കെയോ മനസ്സിൽ ഒരു തോന്നൽ അവർക്ക് എന്നെ ഓർമ്മയുണ്ടാകുമെന്ന്

സംഗീത കെ

# പറയാതെ പോയ പ്രണയം

കോളേജിലെ ആദ്യദിവസം. അന്നാണ് ഞാൻ അവളെ ആദ്യമായി കാണുന്നത്. ആദ്യ കാഴ്ചയിൽ തന്നെ അവൾ എന്റെ ഹൃദയം കവർന്നു. ഞാൻ പോലും അറിയാതെ എന്റെ സ്നേഹം എന്റെ ഉറ്റ സുഹൃത്തിനോട് പറഞ്ഞു.അവൻ എന്നെ അവളോട് തുറന്നുപറയാനുള്ള ധൈര്യം തന്നു. പക്ഷെ എനിയ്ക്ക് അവളോട് തുറന്നു പറയാനുള്ള ധൈര്യം ഉണ്ടായില്ല. പതിയെ പതിയെ അവൾക്കെന്നെ ഇഷ്ടപ്പെട്ട് തുടങ്ങി.ഇത് അവൾ അവളുടെ കൂട്ടുകാരിയോട്



പറഞ്ഞു. അന്ന് ഞാൻ അവളോട് തുറന്നു പറയാമെന്ന് വിചാരിച്ചപ്പോൾ അന്ന് അവൾ ക്ലാസ്സിൽ വന്നിരുന്നില്ല. മൂന്നാം ദിവസവും അവൾ വന്നില്ല അങ്ങനെ ഒരാഴ്ചയോളം അവൾ ക്ലാസിൽ വന്നില്ല.

ഒരു ദിവസം എനിയ്ക്ക് ക്ലാസ്സ് നടന്നുകൊണ്ടിരിക്കുമ്പോഴാണ് അറിയിപ്പുമായി വന്നത്. താഴ്ന്ന ശബ്ദത്തിൽ അറിയിപ്പ് വായിച്ചു. അവൾ എന്നന്നേയ്ക്കുമായി അവൾ എന്നെ വിട്ടു പോയി. എന്റെ സ്നേഹം ഒന്നും പറയാതെ അവൾ എന്നെ വിട്ടുപോയി. എന്റെ ഹൃദയം പെട്ടെന്ന് മുറിച്ച് അവൾ പോയി. സുഹൃത്തുക്കളുടെ കൂടെ ഞാൻ അവളുടെ വീട്ടിൽ പോയി.അവിടെ ആകെ ബഹളം ആയിരുന്നു ഞാൻ അവളുടെ അടുത്തേക്ക് നടക്കുമ്പോൾ അവളുടെ കൂട്ടുകാരി എന്നെ അറിയിച്ചു. അവൾക്ക് എന്നെ ഇഷ്ടമായിരുന്നു. ഞാൻ പൊട്ടി കരഞ്ഞു പോയി. ഞാനും അവളും തമ്മിൽ അറിയാതെപോയ ആ പ്രണയം എന്നെ ഏറെ അസ്വസ്ഥനാക്കി.....

അഭിനവ് പി

# തകർന്ന മനസ്സ്



അമ്മ എന്നത് നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമാണ് അമ്മയെ തള്ളി പറയുന്ന നാലു മക്കൾ അതിൽ ഒരുവൻ മാത്രം അമ്മയെ ജീവിനും തുല്യം സ്നേഹിക്കുന്നു ഒരു വീട്ടിൽ അമ്മയും നാലു മക്കളും ഉണ്ടായിരുന്നു നാലു പേർക്കും ചെറുതായിരുന്നപ്പോഴെ അവരുടെ അച്ഛൻ മരിച്ചു . അവരെ നോക്കിയും വളർത്തിയതും അവരുടെ അമ്മ തന്നെയായിരുന്നു . നാലാമനായ രാജുവിനെ അത്ര ശ്രദ്ധിച്ചില്ല മറ്റു മൂന്ന് മക്കളോടായിരുന്നു അമ്മയ്ക്ക് സ്നേഹം കൂടുതൽ എന്തെന്നറിയില്ല രാജവുനോട് അമ്മയ്ക്ക് ഒരു അകൽച്ച രാജുവിനും തിരിച്ചും അങ്ങനെയായിരുന്നു പക്ഷേ അവൻറെ മനസ്സിൽ അമ്മ എന്നത് ഒരു സ്നേഹമാണ് രാജു അടിയും പിടിയുമായി നടക്കുന്നവനാണ് വീട്ടിൽ വരില്ല. പണിക്ക് പോകുന്നതൊന്നും അമ്മ ഇഷ്ടപ്പെട്ടിരുന്നില്ല കുറെ വർഷങ്ങൾ കഴിഞ്ഞു മക്കളെയെല്ലാം വലുതാക്കി. മക്കളുടെയും കല്യാണം കഴിഞ്ഞു. പോറ്റി വളർത്തിയ അമ്മയെ പിരിഞ്ഞു വിട്ടു താമസിക്കാൻ അവർ തീരുമാനിച്ചു. രണ്ടുപേർക്കും കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു അമ്മ പറഞ്ഞിട്ടും മക്കൾ പിന്മാറിയില്ല പിന്നെ അമ്മയ്ക്ക് കൂട്ടായി മകൻ രാജു മാത്രമാണ് ഉണ്ടായിരുന്നത്. ആ വീട്ടിൽ അമ്മ

മാത്രമാണ് ഉണ്ടായിരുന്നത് ആ വീട്ടിൽ അമ്മയും രാജുവും. മാത്രം മക്കളൊക്കെ അകന്നു പോയപ്പോൾ അമ്മയുടെ മനസ്സിൽ ഒന്ന് ഇടറി ആ കണ്ണുകൾ നനഞ്ഞു പിന്നെ അമ്മ ഓർത്തു സ്നേഹം കൊടുത്ത മക്കളാൾ സ്നേഹം തന്റെ ഇളയവൻ രാജുവിനായിരുന്നു എന്ന് ഒരിക്കൽ അമ്മ തന്റെ മൂത്ത മകൻ രതീഷിന്റെ വീട്ടിൽ രണ്ടുദിവസം താമസിക്കാൻ പോയി. ആദ്യമൊക്കെ മകൻ അമ്മയോട് നല്ല സൗമ്യമായി നിന്നു കുറച്ചുദിവസം കഴിഞ്ഞ് ആ മകൻ തൻറെ അമ്മയോട് ഇങ്ങനെ പറയുകയുണ്ടായി ഇനിയമ്മ ഇവിടെ നിന്നാൽ ശരിയാവില്ല ഈ വാക്കുകൾ അമ്മയുടെ മനസ്സിൽ മുറിവേൽപ്പിച്ചു അന്ന് തന്നെ രാജു അമ്മയും കുട്ടി തൻറെ വീട്ടിലേക്ക് പോയി അമ്മയോട് പോകുന്ന ഇടയിൽ രാജു പറഞ്ഞു നമ്മളെ ആർക്കും വേണ്ടതായി അമ്മക്ക് ഇനി ഞാനും എനിക്ക് അമ്മയും മാത്രം. ഒരു ഇടറിയ ശബ്ദത്തോടെ അമ്മ ഒന്ന് മൂളി വീട്ടിൽ അമ്മയ്ക്ക് നല്ല പനിയായിരുന്നു തീരെ യായിരുന്നു അമ്മ അമ്മയുടെ മക്കൾ മൂന്നുപേരും തിരിഞ്ഞു നോക്കിയില്ല ദിവസങ്ങൾ കഴിയുന്തോറും അമ്മയ്ക്ക് അസുഖം കുടിക്കുടി വന്നു. രാജുവിന്റെ ഇന്ദ്രണം വിട്ടു അമ്മ എന്നെ വിട്ടു പോകാൻ ഞാൻ പിന്നെ ഉണ്ടായിരുന്നു അവൻ മനസ്സിൽ പറഞ്ഞു ഒരു ദിവസം രാത്രി അമ്മയെ ഉറക്കം കെട്ടത്തി രാജു കിടക്കാൻ പോയി ഒരു ഇടിയുടെ ഭീകരമായ ശബ്ദം ഉണർന്നു നോക്കുമ്പോൾ കേരി തിരിച്ച തണുപ്പിൽ അമ്മയുടെ ശരീരമാണ് അവ അവൻ കാണുന്നത് വിശ്വസിച്ചില്ല അമ്മ എന്നെ സത്യം നിലനിന്നിരുന്നു....

അഭിനവ് എം

# ഒരിക്കലും തിരിച്ചു കിട്ടാത്ത കുട്ടിക്കാലം




കുട്ടിക്കാലം എന്ത് മനോഹരമാണ് നമ്മൾ. ഓടിച്ചാടി വികൃതി കാണിക്കും. അമ്മമാരെ ചുറ്റിക്കും .അനിയത്തിമാരെ അടിക്കും .മുടി പിടിച്ചു വലിക്കും. കുട്ടിക്കാലത്ത് ഓരോ വികൃതികൾ കളിക്കും. എന്നിട്ട് അമ്മമാരെ അടുത്ത് നിന്ന് അടിയും കിട്ടും. എന്തെങ്കിലും കാര്യം കണ്ടാൽ അതിനു വേണ്ടി വാശിപിടിച്ചു കരയും. ഫോൺ എറിഞ്ഞ് പൊട്ടിക്കും. സാധനങ്ങൾ ആരും കാണാതെ കൊണ്ടുപോയി എവിടെയെങ്കിലും കൊണ്ടുപോയി ഇടും. എനിക്ക് സ്കൂളിൽ പോകാൻ പേടിയാണ്. ഒരു ദിവസം ടീച്ചറുടെ അടുത്ത നിന്ന് എനിക്ക് അടി കിട്ടി. അതും കൊണ്ട് സ്കൂളിൽ പോകാൻ പേടിയാണ്. വീട്ടിൽ എത്തിയാൽ വികൃതികൾ കളിക്കും. കസേരയിൽ നിന്ന് കളിച്ചു താഴേക്ക് വീഴും. ബക്കറ്റ് മുറ്റത്തേക്ക് എറിയും. ടിവി റിമോട്ട് ഒളിപ്പിച്ചു വെക്കും. വീടിൻറെ മുറ്റത്തെ കിടക്കുന്ന കണ്ണി മാങ്ങകൾ എടുത്ത് കളിക്കും. വീട്ടിലെ പൂക്കൾ പറിക്കും.

വർഷ പി

# കടൽ കരയിലെ അച്ഛൻ

പേരില്ലാത്ത ചെടിയുടെ വള്ളികളാണ് കടൽ. വള്ളികൾ നീളുന്നത് പോലെ കടലും പടരുന്നു.ഉച്ചക്ക് സൂര്യന്റെ വെയിലേറ്റ് തീ പോലെ ജ്വലിക്കുന്നു.രാത്രിയിൽ നിലാവിൽ നക്ഷത്രങ്ങളെ പോലെ മിന്നിത്തിളങ്ങുന്നു.




എന്റെ ഓർമയിൽ ഇപ്പോഴും പതിഞ്ഞു കിടക്കുന്ന എന്റെ അച്ഛനൊപ്പം കടലിൽ കളിച്ചത്.ഇടയ്ക്കിടെ അച്ഛന്റെ കൂടെ കയ്യും പിടിച്ച് കടലിൽ കളിക്കാൻ പോകു.അച്ഛൻ തിരിച്ച് വീട്ടിലെത്തുന്നത് വരെ കയ്യ് വിടില്ല.ഒഴുകിപ്പോകും മുങ്ങിപോകും എന്ന് കരുതിയാകാം.തിരമാലകൾ വന്നും പോയും കളിക്കുന്നതുപോലെ ദുഃഖവും സന്തോഷവും കടന്നുപോകും.കടലിനു പുറമേയുള്ളതിനേക്കാൾ മനോഹരമായിരിക്കാം കടലിനു പല പല നിറ ങ്ങളാൽ വിസ്മയം തീർത്ത മീനുകൾ.പച്ചപ്പ് നിറഞ്ഞ ചെടികളാൽ മൂടി കിടക്കുന്ന പാറകൾ.എനിക്ക് ഇപ്പോഴും ഉത്തരം കിട്ടാത്ത ചോദ്യങ്ങളിൽ ഒന്നാണ് തിരമാലകൾ എങ്ങനെ ഉണ്ടാകുന്നു. അതൊരു മായാജാലം തന്നെയാണ്.ഒരിക്കലും മാറ്റാൻ കഴിയാത്ത മായാജാലം. കടലിന്റെ അത്ഭുതങ്ങൾ അത് ഞാൻ അത്ഭുതത്തോടുകൂടിത്തന്നെ നോക്കിക്കാണും.ഞാൻ അച്ഛനോപ്പമാണ് കടൽ കടൽ കാണാൻ പോഴിട്ടുള്ളത്.എന്റെ കടൽ എന്റെ അച്ഛനാണ്.

# Little Kites

## Sub District Camp



# REPUBLIC DAY..



# സ്കൂൾ വിനോദയാത്ര..



# സ്കൂൾ വിനോദയാത്ര



# പടവുകൾ
# ഉത്ഘാടനം




കേരള സർക്കാർ, പൊതു വിദ്യാഭ്യാസ വകുപ്പ്
GHSS ബേപ്പൂർ
സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം 2023-2
കാവ്യ ജാലക
സാഹിത്യ ശിൽപശ
ക്ലാസ്സ് നയിക്കുന്നത്
2024 ഫെബ്രുവരി 3 4
പ്രമോദ് കുമാർ.ഇ | അജ്മൽ കക്കോവ്
കേരള സർക്കാർ, പൊതു വിദ്യാഭ്യാസ വകുപ്പ്
GHSS ബേപ്പൂർ
സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം 2023–24
ലിറ്റ്മസ്
ശാസ്ത്ര സഹവാസ ക്യ
ക്ലാസ്സ് നയിക്കുന്നത്
ആർ. പത്മനാഭൻ | സുമേഷ്
2024 ഫെബ്രുവരി
3 4 തിയ്യതികളിൽ
കേരള സർക്കാർ, പൊതു വിദ്യാഭ്യാസ വകുപ്പ്
GHSS ബേപ്പൂർ
സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം 2023–24
RIPPLES-ENGLISH TIMES
Towards fun loaded learning....
2024 ഫെബ്രുവരി
ക്ലാസ്സ് നയിക്കുന്നത്
ഗിരീഷ്.കെ | ലെനീഷ് തോടന്നൂർ
കേരള സർക്കാർ, പൊതു വിദ്യാഭ്യാസ വകുപ്പ്
GHSS ബേപ്പൂർ
സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം 2023–24
മധുരകണക്ക്
ഗണിത ശാസ്ത്ര ശിൽപശാല
ക്ലാസ്സ് നയിക്കുന്നത്
പി. വിജയൻ | അജിത് കുമാർ
2024 ഫെബ്രുവരി
കേരള സർക്കാർ, പൊതു വിദ്യാഭ്യാസ വകുപ്പ്
GHSS ബേപ്പൂർ
സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം 2023–24
പടവുകൾ
ദ്വിദിന സഹവാസ ക്യാമ്പ്
ഉദ്ഘാടനം
ശ്രീമതി. കൃഷ്ണകുമാരി
മുഖ്യാതിഥി

# Rasidential Camp

## തീരദേശ പഠന പരിപോഷണ പദ്ധതി

## ഉത്ഘാടനം



# LITMAS...



# കാവ്യജാലകം...



# മധുര കണക്ക്..



# RIPPLES



# നന്ദി

ഈ മാഗസിൻ പൂർത്തിയാക്കുവാൻ സഹായിച്ച എല്ലാവർക്കും പ്രത്യേകിച്ച് ഹെഡ് മാസ്റ്റർ ഷാജി സർ,വിദ്യാരംഗം ക്ലബിലെ അംഗങ്ങൾ,ബിന്ദു ടീച്ചർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ,ലിനുമോഹൻ സർ,നിഖില ടീച്ചർ കൂടാതെ എല്ലാ അധ്യാപകർക്കും എന്റെ ഹൃദയംഗമമായ നന്ദി അറിയിക്കുന്നു .

എഡിറ്റർ